കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകി വരുന്ന ഒറ്റത്തവണ ധനസഹായത്തിനുള്ള വാർഷിക കുടുംബവരുമാന പരിധി നിലവിലെ 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(കൈ)നം. 26/2018/സാനീവ. തീയതി, തിരുവനന്തപുരം, 13/11/2018.

---

പരാമർശം: 1. സ.ഉ.(എം.എസ്)നം.63/2015/സാനീവ തീയതി 29.09.2015.

2. സാമൂഹ്യ നീതി ഡയറക്ടറുടെ 28.09.2017-ലെ എഫ് 4/16805/17 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന ഒറ്റത്തവണ ധനസഹായമായി 30000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) നല്കി വരുന്നുണ്ട്. നിലവിൽ ടി ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകിവരുന്ന ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി നിലവിലെ 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

സ്പെഷ്യൽ സെക്രട്ടറി.

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ (എ & ഇ)) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (19.09.2018 ലെ WW-WW2/151/2018-Fin (e-788982 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്.

വിവര പൊതുജനസമ്പർക്ക (ന്യൂമീഡിയ വിഭാഗം) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.